**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 323** **05-08-2021 - ൽ മറുപടിയ്ക്ക്**

**ക്ഷേമപെൻഷൻ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റ്റി.പി .രാമകൃഷ്ണൻ,<br>ശ്രീ കെ ആൻസലൻ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. എൻ.കെ. അക്ബർ** | | **Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തിന്റെ റവന്യൂ വരുമാനസ്രോതസ്സുകളെ കോവിഡ് വ്യാപനം ദുർബലപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിലും ക്ഷേമപെൻഷനുകൾ എല്ലാം ഓണത്തിന് മുൻപായി നൽകാൻ നടപടിയെടുത്തിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾക്കും, സർക്കാർ നൽകുന്ന ഫണ്ടുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന 16 ക്ഷേമനിധി ബോർഡു ഗുണഭോക്താക്കൾക്കും 2021 ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ പെൻഷൻ ഓണത്തിനു മുൻപായി ലഭിക്കത്തവിധം അനുവദിച്ചിട്ടുണ്ട്. തനത് ഫണ്ടുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന എല്ലാ ക്ഷേമനിധി ബോർഡുകളും ആഗസ്റ്റ് മാസത്തെ പെൻഷൻ ഓണത്തിനു മുൻപായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ത്രൈമാസ പെൻഷൻ പദ്ധതി നിലവിലുള്ള കേരള റേഷൻ വ്യാപാരി ക്ഷേമനിധി ബോർഡിൽ 2021 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലെ പെൻഷൻ ജൂലൈ മാസത്തിൽ വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | ക്ഷേമപെൻഷൻ ഇനത്തിൽ നൽകാൻ വേണ്ടിവരുന്ന തുക എത്രയെന്നും ആകെ ഗുണഭോക്താക്കൾ എത്രയെന്നുമുള്ള കണക്ക് ലഭ്യമാണോ; എങ്കിൽ അറിയിക്കാമോ; | (ബി) | സംസ്ഥാനത്താകെ 5899605 ക്ഷേമ പെൻഷൻ ഗുണഭോക്താക്കൾക്ക് ഓണക്കാലയളവിൽ പെൻഷൻ നൽകുന്നതിന് ഏകദേശം 1760.52 കോടി രൂപ വേണ്ടിവരും. വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്താൻ എന്ത് മാർഗ്ഗമാണ് പരിഗണനയിലുള്ളത്; ചരക്ക് സേവന നികുതിയിൽ ഉൾപ്പെടെയുള്ള നികുതി ചോർച്ച തടയുന്നതിന് ഊർജ്ജിതശ്രമം നടത്തുന്നുണ്ടോ; വിശദമാക്കാമോ? | (സി) | സർക്കാർ ചെലവുകളുടെ കാര്യക്ഷമതയും ഗുണപരതയും ഉത്പാദനക്ഷമതയും ഉയർത്തുകയും അനാവശ്യ ചെലവുകളും ധൂർത്തും തടഞ്ഞ് ധനദൃഢീകരണം സാധ്യമാക്കുകയുമെന്ന നയത്തിന്റെ ഭാഗമായി ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ ഭാഗമായി വിദേശ യാത്ര, വിമാനയാത്ര, ടെലഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ, ലീവ് സറണ്ടർ |

അടക്കമുള്ള വിവിധ ഇനം ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ ഈ വിഷയത്തിൽ 05.11.2020-ലെ സ.ഉ(അ) നം. 152/2020/ധന. ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി ചുവടെ ചേർക്കുന്ന നടപടികളും സ്വീകരിച്ചു വരുന്നു. 1. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ. 2. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്ക്രൂട്ടിണിയും പരിശോധനകളും ശക്തമാക്കി. 3. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി. 4. വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിക്കൽ. 5. ചരക്ക് സേവന നികുതി ചോർച്ചക്ക് കാരണമായ പഴുതുകൾ പരമാവധി അടയ്ക്കുന്നതിനുള്ള നടപടികൾ. ജി.എസ്.ടി നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി വകുപ്പ് നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ജി.എസ്.ടി യിൽ നികുതി ശൃംഖല വിപുലീകരിക്കുന്നതിന് വേണ്ടി വിവിധ ഏജൻസിയിൽ നിന്ന് വിവര ശേഖരണം നടത്തുകയും അതിൽ നിന്ന് രജിസ്ട്രേഷൻ ഇല്ലാത്തവരെ കണ്ടുപിടിച്ച് രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. റിട്ടേൺ സ്ക്രൂട്ടിനി ഫലപ്രദമാക്കുന്നതിനു വേണ്ടി പ്രത്യേക മാനദണ്ഡ പ്രകാരം ടാക്സ് പെയേഴ്സിനെ ഓൺലൈൻ ആയി സെലക്ട് ചെയ്ത് വിശദപരിശോധന നടത്തുന്ന രീതി നടപ്പിലാക്കി. ഇത് ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും നികുതി വെട്ടിപ്പ് ഫലപ്രദമായി തടയുന്നതിനും സഹായിക്കും. ചരക്ക് സേവന നികുതി കണക്കാക്കലും പിരിവും പൂർണ്ണമായും ഐ.റ്റി. അധിഷ്ഠിതമാണ്. നികുതി ദായകന്റെ ക്രയവിക്രയങ്ങൾ സംബന്ധിച്ച് ജി.എസ്.ടി നെറ്റ് വർക്കിൽ ലഭ്യമായ വിവരങ്ങളുടെ വിശകലനവും മറ്റ് ഏജൻസികളായ ഇൻകം ടാക്സ്, കസ്റ്റംസ് എന്നിവയിൽ സമർപ്പിച്ചിട്ടുള്ള വിവരങ്ങളുമായി വിശകലനങ്ങൾ നടത്തുന്നതിനും വേണ്ടി വകുപ്പിൽ പ്രത്യേക ഡാറ്റാ അനലിറ്റിക് വിഭാഗം രൂപീകരിച്ചിട്ടുണ്ട്. ഇതിനെ അടിസ്ഥാനമാക്കി ആഡിറ്റും എൻഫോഴ്സ്മെന്റ് നടപടികളും

| | | | |
|---|---|---|---|
| | | | ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ചെക്പോസ്റ്റ് സമ്പ്രദായം ഇല്ലാതായ സാഹചര്യത്തിൽ അതിർത്തികളിലൂടെയുള്ള നികുതി വെട്ടിപ്പ് തടയുന്നതിനും വാഹന പരിശോധന കാര്യക്ഷമമാക്കുന്നതിനും വേണ്ടി സി സി ടി വി ക്യാമറകൾ പ്രധാനപ്പെട്ട അതിർത്തി പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. ഇത് എ എൻ പി ആർ സിസ്റ്റവുമായി ബന്ധപ്പെടുത്തി മതിയായ രേഖകൾ (ഇ-വേ ബിൽ) ഇല്ലാതെ കടന്നു വരുന്ന ചരക്കു വാഹനങ്ങളുടെ വിവരം ഉടൻ തന്നെ വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തിനു ലഭ്യമാകുന്ന രീതിയിൽ സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ ഇന്റലിജൻസ് സ്ക്വാഡുകളുടെ വാഹനങ്ങളിൽ സർവൈലൻസ് ക്യാമറകൾ സ്ഥാപിക്കുകയും ഉദ്യോഗസ്ഥർക്ക് "ബോഡിവോൺ" ക്യാമറയുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. അണ്ടർ വാല്യുവേഷൻ കേസുകൾ, ബില്ല് തുടങ്ങിയവ ജി.എസ്.ടി പോർട്ടലിലേക്ക് അപ്ലോഡ് ചെയ്യൽ എന്നിവയ്ക്ക് മൊബൈൽ ആപ്ലിക്കേഷൻ സംവിധാനം നടപ്പിലാക്കി. ജി.എസ്.ടി യിൽ ഫയൽ ചെയ്ത വിവരങ്ങളെ അടിസ്ഥാനമാക്കി ദേശീയ തലത്തിൽ റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിനെ അടിസ്ഥാനമാക്കി സംസ്ഥാന തലത്തിൽ റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ സൃഷ്ടിച്ച് ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇതും നികുതി വെട്ടിപ്പ് കണ്ടുപിടിക്കുന്നതിനു സഹായകമാകുന്നു. ജി.എസ്.ടി യിൽ വ്യാജ ഇൻപുട്ട് ടാക്സ് മുഖേനയുള്ള നികുതി വെട്ടിപ്പ് തടയുന്നതിനായി സംസ്ഥാന നികുതി വകുപ്പ് ഇൻവെസ്റ്റിഗേഷൻ വിഭാഗം സെക്ടർ തിരിച്ചുള്ള പരിശോധനകൾ വഴിയും ഡാറ്റ അനലിറ്റിക്സ് മുഖേന ലഭിക്കുന്ന വിവരങ്ങൾ അപഗ്രഥിച്ചും തട്ടിപ്പുകൾ തടയാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## വിശദീകരണ കുറിപ്പ്

സംസ്ഥാനത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾക്കും, സർക്കാർ നൽകുന്ന ഫണ്ടുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന 16 ക്ഷേമനിധി ബോർഡു ഗുണഭോക്താക്കൾക്കും 2021 ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ പെൻഷൻ ഓണത്തിനു മുൻപായി ലഭിക്കത്തവിധം അനുവദിച്ചിട്ടുണ്ട്. തനതു ഫണ്ടുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന എല്ലാ ക്ഷേമനിധി ബോർഡുകളും ആഗസ്റ്റ് മാസത്തെ പെൻഷൻ ഓണത്തിനു മുൻപായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ത്രൈമാസ പെൻഷൻ പദ്ധതി നിലവിലുള്ള കേരള റേഷൻ വ്യാപാരി ക്ഷേമനിധി ബോർഡിൽ 2021 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലെ പെൻഷൻ ജൂലൈ മാസത്തിൽ വിതരണം ചെയ്തിട്ടുണ്ട്.

സംസ്ഥാനത്ത് നിലവിൽ 5058964 സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളും സർക്കാർ നൽകുന്ന ഫണ്ടുപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന 16 ക്ഷേമനിധി ബോർഡുകളിലായി 705736 ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കളുമാണുള്ളത്. 2021 ആഗസ്റ്റ് മാസത്തെ കണക്ക് പ്രകാരം 4852098 സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾക്കും സർക്കാർ നൽകുന്ന ഫണ്ടുപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന 16 ക്ഷേമനിധി ബോർഡിലെ 660515 ഗുണഭോക്താക്കൾക്കും 2021 ജൂലൈ, ആഗസ്റ്റ് മാസത്തെ പെൻഷൻ നൽകുന്നതിനായി **1689.65** കോടി രൂപ ആവശ്യമുണ്ട്. ഇതു കൂടാതെ തനതു ഫണ്ടിൽ നിന്നും പെൻഷൻ വിതരണം ചെയ്യുന്ന വിവിധ ബോർഡുകളിലെ **382711** ഗുണഭോക്താക്കൾക്ക് പെൻഷൻ വിതരണത്തിനായി **70.26** കോടി രൂപയും ആവശ്യമായി വരും. ഇതിനു പുറമെ, കായിക യുവജന ക്ഷേമവകുപ്പ് മുഖേന നൽകുന്ന സർക്കസ് കലാകാര പെൻഷൻ **1287** ഗുണഭോക്താക്കൾക്കും, അവശ കായികതാര പെൻഷൻ **79** ഗുണഭോക്താക്കൾക്കും നൽകുന്നതിനായി **0.16** കോടി രൂപയും, സാംസ്കാരിക വകുപ്പ് മുഖേന കലാകാര പെൻഷൻ **2690** ഗുണഭോക്താക്കൾക്ക് നൽകുന്നതിന് **0.43** കോടി രൂപയും, ചലച്ചിത്ര അക്കാദമി വിതരണം ചെയ്യുന്ന അവശകലാകാര പെൻഷൻ **225** പേർക്ക് നൽകുന്നതിന് **0.02** കോടി രൂപയും വേണ്ടിവരും. ഇപ്രകാരം 2021 ഓണത്തിനു മുൻപായി വിവിധ ക്ഷേമപെൻഷനുകൾ **5899605** ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതിനായി **1760.52** കോടി രൂപ വേണ്ടിവരും.

സർക്കാർ ചെലവുകളുടെ കാര്യക്ഷമതയും ഗുണപരതയും ഉത്പാദനക്ഷമതയും ഉയർത്തുകയും അനാവശ്യ ചെലവുകളും ധൂർത്തും തടഞ്ഞ് ധനദൃഢീകരണം സാധ്യമാക്കുകയുമെന്ന നയത്തിന്റെ ഭാഗമായി ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ ഭാഗമായി വിദേശ യാത്ര, വിമാനയാത്ര, ടെലഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ, ലീവ് സറണ്ടർ അടക്കമുള്ള വിവിധ ഇനം ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ ഈ വിഷയത്തിൽ 05.11.2020-ലെ സ.ഉ(അ) നം. 152/2020/ധന. ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

ചരക്ക് സേവന നികുതി കണക്കാക്കലും പിരിവും പൂർണ്ണമായും ഐ.റ്റി. അധിഷ്ഠിതമാണ്. നികുതിദായകന്റെ ക്രയവിക്രയങ്ങൾ സംബന്ധിച്ച് ജി.എസ്.ടി നെറ്റ് വർക്കിൽ ലഭ്യമായ വിവരങ്ങളുടെ വിശകലനവും മറ്റ് ഏജൻസികളായ ഇൻകം ടാക്സ്, കസ്റ്റംസ് എന്നിവയിൽ സമർപ്പിച്ചിട്ടുള്ള വിവരങ്ങളുമായി വിശകലനങ്ങൾ നടത്തുന്നതിന് വേണ്ടി വകുപ്പിൽ പ്രത്യേക ഡാറ്റാ അനലിറ്റിക് വിഭാഗം രൂപീകരിച്ചിട്ടുണ്ട്. വിദ്യുത്ഛക്തി ബോർഡ്, ഓയിൽ കമ്പനികൾ, ബാങ്കുകൾ, തൊഴിൽ വകുപ്പ്, ഭക്ഷ്യസുരക്ഷാവകുപ്പ് എന്നിവിടങ്ങളിൽ നിന്ന് ശേഖരിച്ച വിവരങ്ങൾ പാൻ നമ്പർ അടിസ്ഥാനമാക്കി തരംതിരിച്ച് രജിസ്ട്രേഷൻ ഉള്ള വ്യാപാരികളുടെ റിട്ടേൺ വിവരങ്ങളുമായി വിശകലനം നടത്തിവരുന്നു. ടെക്നോപാർക്കിൽ പ്രവർത്തിക്കുന്ന ഗവണ്മെന്റ് സ്ഥാപനമായ ഐഐഐടിഎംകെ-യുമായി സഹകരിച്ചാണ് ഈ പ്രവർത്തനം നടക്കുന്നത്. ആദ്യഘട്ടത്തിൽ പ്രാധാന്യം നൽകിയിരിക്കുന്നത് ചരക്കുകളുടേയും സേവനങ്ങളുടേയും മേഖല തിരിച്ചുള്ള വിശകലനവും തെറ്റായി എടുത്തിട്ടുള്ള ഇൻപുട്ട് ടാക്സ് കണ്ട്പിടിക്കുന്നതിനുള്ള നടപടികളുമാണ്. ഇതിനെ അടിസ്ഥാനമാക്കി ആഡിറ്റും എൻഫോഴ്സ്മെന്റ് നടപടികളും സ്വീകരിച്ച് വരുന്നു.

ജി.എസ്.ടി നിലവിൽ വന്നതോട് കൂടി അതിർത്തിയിൽ നിലനിന്നിരുന്ന ചെക്ക് പോസ്റ്റുകൾ ഇല്ലാതായി. കേരളത്തിലേക്ക് വരുന്ന സാധനങ്ങളുടെ കൃത്യമായ രേഖകൾ നൽകിയിരുന്നത് ചെക്ക് പോസ്റ്റുകൾ വഴിയായിരുന്നു. ഈ ചെക്ക് പോസ്റ്റിൽ സംശയാസ്പദമായ വാഹനങ്ങൾ വിശദമായ പരിശോധനയ്ക്കും വിധേയമാക്കിയിരുന്നു. ജി.എസ്.ടി നിലവിൽ വന്നതിന് ശേഷം അതിർത്തി വഴിയുള്ള കള്ളക്കടത്ത് തടയുന്നതിന് വേണ്ടിയും സംശയാസ്പദമായ വാഹനങ്ങളുടെ പരിശോധനയ്ക്കായി കണ്ടെത്തുന്നതിനുമായി

എ.എൻ.പി.ആർ ക്യാമറ സംവിധാനം വഴി ശേഖരിച്ച വാഹനത്തിന്റെ നമ്പർ പ്രസ്തുത വാഹനത്തിന് എടുത്തിട്ടുള്ള ഇ-വേ ബില്ലിൽ ലഭ്യമായിട്ടുള്ള വിവരങ്ങളുമായി യഥാസമയം പരിശോധിക്കാനുള്ള സംവിധാനം സജ്ജമാക്കിയിട്ടുണ്ട്.

ഈ സംവിധാനം വഴി ഇ-വേ ബിൽ എടുക്കാത്ത ചരക്ക് വാഹനങ്ങൾ തിരിച്ചറിയുവാനും ഈ വാഹനങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കുന്നതിന് വേണ്ടി ഇന്റലിജൻസ് സ്ക്വാഡിന് അലർട്ട് നൽകുന്നതിനും സാധിക്കും. കൂടാതെ ഒരു ഇ-വേ ബിൽ ഒന്നിൽ കൂടുതൽ തവണ ചരക്ക് നീക്കുന്നതിന് ഉപയോഗിക്കുന്നത് തടയുന്നതിനും ചരക്ക് നീക്കം നടത്തിയതിന് ശേഷം ഇ-വേ ബിൽ ക്യാൻസൽ ചെയ്യുന്നത് തടയുന്നതിനും ഇതുവഴി സാധിക്കുന്നു. നികുതി വെട്ടിപ്പ് സംശയമുള്ള വ്യാപാരികളുടെ ചരക്ക് നീക്കം കണ്ടെത്തി വിശദ പരിശോധനയ്ക്ക് സ്ക്വാഡുകളെ അലർട്ട് ചെയ്യുന്നതിനും ഈ സംവിധാനം ഉപയോഗിക്കുന്നു.

ജി.എസ്.ടി യിൽ ഫയൽ ചെയ്ത വിവരങ്ങളുടെ അടിസ്ഥാനമാക്കി ദേശീയ തലത്തിൽ റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിനെ അടിസ്ഥാനമാക്കി സംസ്ഥാന തലത്തിൽ റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ സൃഷ്ടിച്ച് ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കിയിട്ടുണ്ട്. വിറ്റുവരവിലുള്ള വ്യത്യാസം, ഇൻപുട്ട് ടാക്സ് ക്രഡിറ്റിലുള്ള വ്യത്യാസം, ഇ-വേ ബിൽ ഡിക്ലെയർ ചെയ്ത തുകയിലുള്ള വ്യത്യാസം, ടി.ഡി.എസ്/ടി.സി.എസ് റിട്ടേണുകളിൽ ഉള്ള വിവരങ്ങൾ എന്നിവ അടിസ്ഥാനമാക്കിയാണ് റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ നൽകി തുടങ്ങിയത്. ഇതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ കേന്ദ്രീകൃതമായി പരിശോധിക്കാവുന്നതാണ്.

ജി.എസ്.ടി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി റിട്ടേൺ സ്ക്രൂട്ടിനി ഫലപ്രദമാകുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റിട്ടേൺ ഫയലിംഗ് നിരക്ക് വർദ്ധിപ്പിക്കുന്നതിനായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ ഇന്റലിജൻസ് വിഭാഗം ഊർജ്ജിതമായ വാഹന പരിശോധന, കട പരിശോധന, ടെസ്റ്റ് പർച്ചേസ്, എ.എൻ.പി.ആർ ക്യാമറ (ഓട്ടോമാറ്റിക് നമ്പർ റെക്കഗ്നീഷൻ ക്യാമറ) സംവിധാനം ഉപയോഗിച്ചുള്ള വാഹന പരിശോധന, പഴയ ചെക്ക് പോസ്റ്റ് പ്രദേശങ്ങളിൽ പ്രത്യേക സർവൈലൻസ് സ്ക്വാഡുകൾ, രജിസ്ട്രേഷൻ ബാധ്യത ഉള്ളവരെ കണ്ടെത്തി രജിസ്ട്രേഷൻ എടുപ്പിക്കൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ വാഹന പരിശോധന കാര്യക്ഷമമാക്കുന്നതിനായി തിരുവനന്തപുരം-അമരവിള, പാലക്കാട്-വാളയാർ, കാസർഗോഡ്-ബംഗ്റമഞ്ചേശ്വരം എന്നിവിടങ്ങളിൽ കമാൻഡ് സെന്ററുകൾ സ്ഥാപിച്ച് റോഡുകളിൽ സ്ക്വാഡുകളുടെ സജീവ സാന്നിധ്യം ഉറപ്പാക്കിയിട്ടുണ്ട്. കൂടാതെ ഇന്റലിജൻസ്

സ്ക്വാഡുകളുടെ വാഹനങ്ങളിൽ സർവൈലൻസ് ക്യാമറകൾ സ്ഥാപിക്കുകയും ഉദ്യോഗസ്ഥർക്ക് "ബോഡിവോൺ" ക്യാമറയുടെ സേവനവും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. അണ്ടർ വാല്യൂവേഷൻ കേസുകൾ, ബില്ല് തുടങ്ങിയവ ജി.എസ്.ടി പോർട്ടലിലേക്ക് അപ്‌ലോഡ് ചെയ്യൽ എന്നിവയ്ക്ക് മൊബൈൽ ആപ്ലിക്കേഷൻ സംവിധാനം നടപ്പിലാക്കി.

ജി.എസ്.ടി യിൽ വ്യാജ ഇൻപുട്ട് ടാക്സ് മുഖേനയുള്ള നികുതി വെട്ടിപ്പ് തടയുന്നതിനായി സംസ്ഥാന നികുതി വകുപ്പ് ഇൻവെസ്റ്റിഗേഷൻ വിഭാഗം സെക്ടർ തിരിച്ചുള്ള പരിശോധനകൾ വഴിയും ഡാറ്റ അനലിറ്റിക്സ് മുഖേന ലഭിക്കുന്ന വിവരങ്ങൾ അപഗ്രഥിച്ചും തട്ടിപ്പുകൾ തടയാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

| നം | പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | തുക |
|---|---|---|---|
| 1 | സാമൂഹ്യ സുരക്ഷാ പെൻഷൻ | 4852098 | 1481,87,95,200 |
| 2 | സർക്കാർ നൽകുന്ന ഫണ്ടുപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന 16 ക്ഷേമനിധി ബോർഡ് പെൻഷൻ | 660515 | 207,76,74,800 |
| 3 | തനത് ഫണ്ടുപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡ് പെൻഷൻ | 382711 | 70,25,98,108 |
| 4 | സാംസ്കാരിക വകുപ്പ് മുഖേന വിതരണം ചെയ്യുന്ന പെൻഷനുകൾ | | |
| | 1. കലാകാര പെൻഷൻ | 2690 | 43,04,000 |
| | 2. ചലച്ചിത്ര അക്കാഡമി മുഖേന വിതരണം ചെയ്യുന്ന അവശ കലാകാര പെൻഷൻ | 225 | 2,25,000 |
| 5. | കായിക യുവജനക്ഷേമ വകുപ്പ മുഖേന നൽകുന്ന പെൻഷനുകൾ | | |
| | 1. സർക്കസ് കലാകാര പെൻഷൻ | 1287 | 15,44,400 |
| | 2. അവശ കായിക താരങ്ങൾക്കുള്ള പെൻഷൻ | 79 | 80,550 |
| | **ആകെ** | **5899605** | **1760,52,22,058** |

| | ക്ഷേമനിധി ബോർഡ് | ജൂലൈ | | ആഗസ്റ്റ് | | ആകെ തുക |
|---|---|---|---|---|---|---|
| | | ഗുണഭോക്താക്കളുടെ എണ്ണം | ചെല വഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക | |
| 1 | കർഷക പെൻഷൻ | 272517 | 43,60,27,200 | 272517 | 43,60,27,200 | 87,20,54,400 |
| 2 | കേരള കയർ തൊഴിലാളി ക്ഷേമ നിധി ബോർഡ് | 75921 | 12,14,73,600 | 75921 | 12,14,73,600 | 24,29,47,200 |
| 3 | കേരള വ്യാപാരി ക്ഷേമ നിധി ബോർഡ് | 9440 | 1,51,04,000 | 9562 | 1,52,99,200 | 3,04,03,200 |
| 4 | കേരളാ കൈത്തറി തൊഴിലാളി ക്ഷേമ നിധി ബോർഡ് | 9134 | 1,46,14,400 | 9185 | 1,46,96,000 | 2,93,10,400 |
| 5 | കേരള ചുമട്ട് തൊഴിലാളി ക്ഷേമ നിധി ബോർഡ് (സ്കാറ്റേർഡ് വിഭാഗം) | 4279 | 68,46,400 | 4312 | 68,99,200 | 1,37,45,600 |
| 6 | കേരള ഖാദി തൊഴിലാളി ക്ഷേമ നിധി ബോർഡ് | 630 | 10,08,000 | 630 | 10,08,000 | 20,16,000 |
| 7 | കേരള ഈറ്റ കാട്ടുവള്ളി തൊഴിലാളി ക്ഷേമ നിധി ബോർഡ് | 10243 | 1,63,88,800 | 10276 | 1,64,41,600 | 3,28,30,400 |
| 8 | കേരള ആഭരണ തൊഴിലാളി ക്ഷേമ നിധി ബോർഡ് | 553 | 8,84,800 | 563 | 9,00,800. | 17,85,600 |
| 9 | കേരള മത്സ്യ തൊഴിലാളി ക്ഷേമ നിധി ബോർഡ് | 65106 | 10,41,69,600 | 65106 | 10,41,69,600 | 20,83,39,200 |
| 10 | കേരള തയ്യൽ തൊഴിലാളി ക്ഷേമ നിധി ബോർഡ് | 68725 | 10,99,60,000 | 68942 | 11,03,07,200 | 22,02,67,200 |
| 11 | കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് | 13900 | 2,22,40,000 | 13900 | 2,22,40,000 | 4,44,80,000 |
| 12 | കേരള ക്ഷീര കർഷക തൊഴിലാളി ക്ഷേമ നിധി ബോർഡ് | 58168 | 7,56,18,400 | 58168 | 7,56,18,400 | 15,12,36,800 |

| | | | | | | |
|---|---|---|---|---|---|---|
| 13 | കേരള ലോട്ടറി തൊഴിലാളി ക്ഷേമ നിധി ബോർഡ് | 4802 | 76,83,200 | 4865 | 77,84,000 | 1,54,67,200 |
| 14 | ചെറുകിട തോട്ടം തൊഴിലാളി ക്ഷേമ നിധി ബോർഡ് | 535 | 8,56,000 | 530 | 8,48,000 | 17,04,000 |
| 15 | കേരള കശുവണ്ടി തൊഴിലാളി ക്ഷേമ നിധി ബോർഡ് | 62824 | 10,05,18,400 | 62903 | 10,06,44,800 | 20,11,63,200 |
| 16 | കേരള ബീഡി & സിഗാർ തൊഴിലാളി ക്ഷേമ നിധി ബോർഡ് | 3079 | 49,17,400 | 3135 | 50,07,000 | 99,24,400 |
| 17 | കേരള അബ്കാരി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് | 773 | 20,99,075 | 773 | 20,99,075 | 4198150 |
| 18 | കേരള ബിൽഡിംഗ് ആന്റ് അദർ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് | വിതരണം ചെയ്തു | | 313578 | 49,57,33,340 | 49,57,33,340 |
| 19 | കേരള സ്റ്റേറ്റ് കൾച്ചറൽ ആക്ടിവിസ്റ്റ് വെൽഫെയർ ഫണ്ട് ബോർഡ് | വിതരണം ചെയ്തു | | 3330 | 1,33,20,000 | 1,33,20,000 |
| 20 | കേരള സ്റ്റേറ്റ് അങ്കണവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് | വിതരണം ചെയ്തു | | 13081 | 2,56,02,500 | 2,56,02,500 |
| 21 | കേരള റ്റോഡി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് | വിതരണം ചെയ്തു | | 16826 | 6,57,93,592 | 6,57,93,592 |
| 22 | കേരള റേഷൻ ഡീലേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് | ത്രൈമാസ പെൻഷൻ സിസ്റ്റം, 2021 ജൂൺ വരെയുള്ള പെൻഷൻ അനുവദിച്ചു നൽകിയിട്ടുണ്ട്. | | | | |
| 23 | കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വെൽഫെയർ ഫണ്ട് ബോർഡ് | വിതരണം ചെയ്തു | | 2061 | 3661000 | 3661000 |
| 24 | കേരള അഡ്വക്കേറ്റ് ക്ലർക്ക് ക്ഷേമനിധി കമ്മിറ്റി | വിതരണം ചെയ്തു | | 385 | 469150 | 469150 |

| | | | | | | |
|---|---|---|---|---|---|---|
| 25 | കേരള ആട്ടോമൊബൈൽ വർക്ക്ഷോപ്പ് വർക്കേഴ്സ് ക്ഷേമനിധി സ്കീം | പെൻഷൻ പദ്ധതി നിലവിലില്ല | | | | |
| 26 | കേരള ഓട്ടോറിക്ഷ വർക്കേഴ്സ് വെൽഫെയർ ഫണ്ട് സ്കീം | | | | | |
| 27 | കേരള മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് | വിതരണം ചെയ്തു | | 4692 | 1,71,67,356 | 1,71,67,356 |
| 28 | കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ് | പെൻഷൻ വിതരണം ഇല്ല | | | | |
| 31 | കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡ് | | | | | |
| 32 | കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് പെൻഷൻ ബോർഡ് | | | | | |
| 34 | ദി കേരള നോൺ-റസിഡന്റ്സ് കേരളൈറ്റ്സ് വെൽഫെയർ ബോർഡ് | വിതരണം ചെയ്തു | | 17801 | 4,65,81,420 | 4,65,81,420 |
| 35 | കേരള ഡോക്കുമെന്റ് റൈറ്റേഴ്സ് -സ്ക്രൈബ്സ് അന്റ് സ്റ്റാമ്പ് വെണ്ടേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് | | | 47 | 71600 | 71600 |
| 36 | കേരള ചുമട്ട് തൊഴിലാളി ക്ഷേമ നിധി ബോർഡ് അൺസ്കൂറ്റേർഡ് വിഭാഗം | വിതരണം ചെയ്തു | | 10137 | 3,00,00,000 | 3,00,00,000 |
| | **ആകെ** | | | **1043226** | | **2780272908** |